(ബി) പൊതുവിതരണ ശൃംഖലകൾ ശക്തമാക്കി വിലനിലവാരം പിടിച്ചു നിർത്തുവാൻ കേരളം സമർപ്പിച്ച 337 കോടി രൂപയ്ക്കുള്ള പദ്ധതിയുടെ ചെലവിന്റെ പകുതിയെങ്കിലും കേന്ദ്രം വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിനായി 1000 കോടി രൂപ ഇടുക്കി പാക്കേജിന്റെ ഭാഗമായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന ഹൈവേകൾ, ജില്ലാതല റോഡുകൾ, മറ്റുറോഡുകൾ എന്നിവയുടെ അപ്ഗ്രേഡേഷനായി 1000 കോടി രൂപ അനുവദിക്കുക, പാമോയിലിന് അനുവദിക്കുന്നതരത്തിൽ വെളിച്ചെണ്ണയ്ക്കും ഒരു ലിറ്ററിന് 15 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുക. ഫാക്ടിന് പലിശരഹിത വായ്പയായി 450 കോടി അനുവദിക്കുക, ഇടുക്കി പാക്കേജിന്റെ ഭാഗമായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിനായി 1000 കോടി രൂപ അനുവദിക്കുക, വിദ്യാഭ്യാസാവകാശ നിയമം നടപ്പിലാക്കുന്നതിനായി അധിക ഗ്രാന്റ് അനുവദിക്കുക തുടങ്ങിയവയാണ് സാമ്പത്തിക സഹായം സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ.

(ഡി) സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റ് രൂപീകരണത്തിൽ പരിഗണിക്കുമെന്ന പൊതുവായ പ്രതികരണമാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നുണ്ടായത്.

(ഇ) വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും അധിക സാമ്പത്തിക സഹായം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാരുടെ വീടുകൾ മോടിപിടിപ്പിക്കുന്നതിനുള്ള ചെലവ്

1 (1) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 31-12-2010-വരെ മന്ത്രിമാരുടെ ഔദ്യോഗികവസതികൾ മോടിപിടിപ്പിക്കുന്നതിന് മൊത്തം എത്ര തുക ചെലവായി ;

(ബി) മന്ത്രി, വസതി എന്നിവയുടെ പേരും ഓരോന്നും മോടിപിടിപ്പിക്കുന്നതിന് ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ മന്ദിരങ്ങളിൽ താമസിക്കാത്ത മന്ത്രിമാർ ആരൊക്കെ ; ഇവർ താമസിക്കുന്ന വീടുകൾക്ക് ഓരോന്നിനും പ്രതിമാസവാടക എത്രരൂപ വീതമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇത്തരം വാടകവീടുകൾ മോടിപിടിപ്പിക്കുന്നതിന് മൊത്തം ചെലവഴിച്ച തുക എത്ര ; ഓരോ വീടിനും ചെലവഴിച്ച തുക എത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു.*

(സി) അനുബന്ധം 'ബി' ആയി കൊടുത്തിരിക്കുന്നു.*

(ഡി) വാടക വീടുകൾ മോടിപിടിപ്പിക്കുന്നത് കെട്ടിട ഉടമസ്ഥരാണ്. എന്നാൽ റവന്യൂ മന്ത്രിക്ക് മെഡിക്കൽ കോളേജിനുസമീപം അനുവദിച്ച വാടക വീടിന്റെ അറ്റകുറ്റ പണിക്കുവേണ്ടി 67,506/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മന്ത്രിമാരുടെ വീടുകളും ഔദ്യോഗിക മന്ദിരങ്ങളും മോടിപിടിപ്പിക്കുന്നതിനുള്ള ചെലവ്

2 (2) ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ഓരോ മന്ത്രിമാരുടെയും ഔദ്യോഗിക മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിന് എത്ര തുക വീതം ചെലവാക്കിയിട്ടുണ്ട് ;

(ബി) സർക്കാർ മന്ദിരങ്ങളിൽ താമസിക്കാത്ത മന്ത്രിമാർ ആരെല്ലാമെന്നും ഇവർ താമസിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ; പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചു ;

(സി) സ്വന്തം വീട്ടിൽ താമസിക്കുന്ന മന്ത്രിമാരാരെങ്കിലുമുണ്ടോ ; എങ്കിൽ പ്രസ്തുത കെട്ടിടം മോടിപിടിപ്പിക്കുന്നതിന് എത്ര രൂപ വീതം ഇതുവരെ ചെലവാക്കിയിട്ടുണ്ട് ;

(ഡി) മന്ത്രിമാർക്കായി വാടകയ്ക്കെടുത്ത വീടുകൾ മോടി പിടിപ്പിക്കുവാൻ എത്ര തുക ചെലവാക്കിയിട്ടുണ്ട് ; ഓരോ വീടിനും വേണ്ടി ഇതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു.*

(ബി) അനുബന്ധം 'ബി' ആയി കൊടുത്തിരിക്കുന്നു.*

(സി) ഉണ്ട്. ശ്രീ. സി. ദിവാകരൻ ബഹു: ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സ്വന്തം വീട്ടിലാണ് താമസിക്കുന്നത്. ടി വസതി മോടിപിടിപ്പിക്കുന്നതിനായി ഇതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(ഡി) വാടക വീടുകൾ മോടിപിടിപ്പിക്കുന്നത് ഉടമസ്ഥരാണ്. എന്നാൽ റവന്യൂ വകുപ്പുമന്ത്രി കെ. പി. രാജേന്ദ്രൻ താമസിക്കുന്ന വാടകവീടിന് വൈദ്യുത അറ്റകുറ്റപ്പണികൾക്കായി 67,506/- രൂപ ചെലവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly